**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1046** **30-06-2022 - ൽ മറുപടിയ്ക്ക്**

**മിതമായ വിലയിൽ കുപ്പിവെള്ളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുപ്പിവെള്ള കച്ചവടത്തിലെ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റവും അമിത വില ഈടാക്കലും തടയുന്നതിന് മുൻ സർക്കാരും ഈ സർക്കാരും സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) | കുപ്പിവെള്ളം ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സർക്കാർ പൊതുമേഖലയിൽ 'ഹില്ലി അക്വാ' എന്ന പേരിൽ രണ്ട് കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ ഇടുക്കി ജില്ലയിലെ തൊടുപുഴയിലും (മുട്ടം) തിരുവനന്തപുരം ജില്ലയിലെ അരുവിക്കരയിലും സ്ഥാപിച്ച് 1000 ml, 2000 ml, 500 ml ബോട്ടിലുകൾ, 20 ലിറ്റർ ജാർ എന്നീ വിഭാഗങ്ങളിലെ കുപ്പിവെള്ളങ്ങളുടെ ഉൽപ്പാദനവും വിതരണവും നടത്തി വരുന്നു. സ്വകാര്യ കമ്പനികൾ 1000 ml കുപ്പിവെള്ളത്തിന് 20 രൂപ മുതൽ മുകളിൽ ഈടാക്കുമ്പോൾ സർക്കാർ മേഖലയിലുള്ള 'ഹില്ലി അക്വാ' വെറും 13 രൂപയ്ക്കാണ് വിപണിയിൽ എത്തിക്കുന്നത്. |
| (ബി) | ഇതിനായി പ്രഖ്യാപിച്ച 13 രൂപയ്ക്ക് ഒരു ലിറ്റർ കുടിവെള്ളം ജലവിഭവ വകുപ്പ് വഴി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | എസ്.ആർ.ഒ നം. സ.ഉ(അച്ചടി)14/2019/ ഭ.പൊ.വി.വ തീയതി 14.06.2019 വിജ്ഞാപനം പ്രകാരം കുപ്പിവെള്ള ത്തിന്റെ വില ലിറ്ററിന് 13 രൂപയാക്കി സർക്കാർ നിശ്ചയിച്ചിരുന്നു. 'ഹില്ലി അക്വാ' എന്ന പേരിലുള്ള സർക്കാരിന്റെ കുപ്പിവെള്ളം 13 രൂപ വില നിശ്ചയിച്ചാണ് വിപണിയിൽ ലഭ്യമാക്കിയത്. എന്നാൽ വില നിർണ്ണയം സംബന്ധിച്ച് മേൽ സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്റ്റേ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ കമ്പനികൾ ഉയർന്ന വില ആയ 20 രൂപയ്ക്ക് 1 ലിറ്റർ കുപ്പിവെള്ളം വിപണിയിൽ ഈടാക്കു മ്പോൾ 'ഹില്ലി അക്വാ' കുപ്പിവെള്ളം നിലവിൽ ലിറ്ററിന് 13 രൂപയ്ക്കാണ് വിപണിയിൽ എത്തിക്കുന്നത്. കൂടാതെ വിവിധ ജയിൽ യൂണിറ്റുകൾ വഴിയും ഫാക്ടറി ഔട്ട് ലെറ്റുകൾ വഴിയും 10 രൂപയ്ക്ക് 1 ലിറ്റർ കുപ്പിവെള്ളം ലഭ്യമാക്കുന്നുണ്ട്. |
| (സി) | മേൽ പ്രഖ്യാപനത്തിലൂടെയുള്ള സേവനം സപ്ലൈകോ വഴിയും മറ്റ് സർക്കാർ വകുപ്പുകൾ | (സി) | സർക്കാർ ഉൽപ്പന്നമായ 'ഹില്ലി അക്വാ' കുപ്പിവെള്ളം നിലവിൽ വിവിധ ജില്ലകളിലുള്ള ഡിസ്ട്രിബ്യൂട്ടർ |

| | | | |
|---|---|---|---|
| | മുഖേനയും യഥേഷ്ടം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | മുഖേനയും ജയിൽ യൂണിറ്റുകൾ മുഖേനയും വിതരണം നടത്തി വരുന്നു. കൂടാതെ കെ.ടി.ഡി.സി.യുടെ കീഴിലുള്ള ഹോട്ടലുകളിലും 'ഹില്ലി അക്വാ' കുപ്പിവെള്ളത്തിന്റെ വിതരണം നടത്തി വരുന്നു. 17.11.2016-ലെ 321049/MP/16/WR നമ്പർ സർക്കുലർ പ്രകാരം എല്ലാ സർക്കാർ പരിപാടികൾക്കും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കും സർക്കാർ ഉൽപ്പന്നമായ 'ഹില്ലി അക്വാ' കുപ്പിവെള്ളം ഉപയോഗിക്കണമെന്ന് സർക്കാർ വകുപ്പുകൾക്കും മറ്റ് ഇതര സർക്കാർ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ പോലെയുള്ള സർക്കാർ സ്ഥാപനങ്ങൾ വഴി 'ഹില്ലി അക്വാ' ലഭ്യമാക്കുന്നത് പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ